പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം-നം. *414.

26.6.2014 ൽ
മറുപടിയ്ക്ക്

## മുന്നോക്ക വിഭാഗക്കാർക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വി.റ്റി.ബൽറാം | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പുകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഏതെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ; | (എ) യും (ബി) യും | ഉണ്ട്. സംസ്ഥാനത്തിലെ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി 2013-14 സാമ്പത്തിക വർഷം മുതൽ കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന മെറിറ്റ് സ്കോളർഷിപ്പുകൾ നൽകുന്ന ഒരുപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 2013-14 കാലയളവിൽ 300 ലക്ഷം രൂപ 13.11.13-ലെ സ.ഉ.(സാധാ)നം. 9160/13/പൊ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ തുകയിൽ നിന്നും 140 ലക്ഷം രൂപ , പ്രൊഫഷണൽ /നോൺ പ്രൊഫഷണൽ കോളേജുകളിൽ ബിരുദ കോഴ്സുകൾ ചെയ്യുന്ന 1400 വിദ്യാർത്ഥികൾക്ക് പ്രതിവർഷം പരമാവധി 10,000 രൂപ നൽകുന്നതിനും, 140 ലക്ഷം രൂപ ബിരുദാനന്തര ബിരുദ കോഴ്സുകൾ ചെയ്യുന്ന 700 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 20,000 രൂപ നൽകുന്നതിനും, 20 ലക്ഷം രൂപ ദേശീയ നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളായ IIT,IIM, IIS, NIT, |

NLS തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിക്കുന്ന 40 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 50,000 രൂപ നൽകുന്നതിനുമായി അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ എട്ട് കോടി രൂപ പദ്ധതിവിഹിതമായി വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് മേൽപ്പറഞ്ഞ സ്കോളർഷിപ്പുകൾ നൽകുന്നതു കൂടാതെ CA/ICWA/CS എന്നീ കോഴ്സുകൾക്കും, ഡിപ്ലോമ, ഹയർസെക്കന്ററി, ഹൈസ്കൂൾ തലത്തിലും കൂടി പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ഇല്ല . നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷന് സ്കോളർഷിപ്പ് ഇനത്തിൽ 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിന്റെ ഭാഗമായി പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

(ഡി) പ്രസ്തുത പദ്ധതിയിലൂടെ പ്രൊഫഷണൽ/നോൺ പ്രൊഫഷണൽ കോളേജുകളിൽ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് ഇനത്തിൽ തുക അനുവദിക്കുന്നത്. ആയത് ഈ സാമ്പത്തിക വർഷം മുതൽ CA/ICWA/CS എന്നീ കോഴ്സുകൾക്കും, ഡിപ്ലോമ, ഹയർസെക്കന്ററി, ഹൈസ്കൂൾ തലത്തിലേക്കും കൂടി വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ